പരിശോധിക്കാനുള്ള നിർദ്ദേശം നൽകുമെന്നും, മായം ചേർന്നതോ, ഗുണനിലവാരം കുറഞ്ഞതോ ആയി കണ്ടെത്തിയാൽ നിയമപരമായ നടപടികൾ സ്വീകരിക്കുമെന്നും ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

മിൽമയുടെ പ്രവർത്തനം

99 (4450) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിൽമ എന്നു മുതലാണ് പ്രവർത്തനം തുടങ്ങിയതെന്നും ഉദ്ദേശ്യം എന്താണെന്നും അറിയിക്കുമോ ;

(ബി) സർക്കാർ മിൽമയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

(സി) കേരളത്തിൽ എത്ര ലക്ഷം ക്ഷീരകർഷകർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തെ ക്ഷീരകർഷകർ എത്ര ലക്ഷം ടൺ പാലാണ് ഉൽപ്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) മിൽമ എത്ര പാൽ ശേഖരിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(എഫ്) മിൽമ എത്ര തരം പാലുകൾ മാർക്കറ്റിൽ വിൽക്കുന്നു ; ഇവയുടെ വില എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ജി) മിൽമ കർഷകർക്ക് നൽകുന്ന വില എത്ര രൂപയെന്നറിയിക്കുമോ ;

(എച്ച്) മിൽമയുടെ നഷ്ടം എത്രയെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ ;

(ഐ) മിൽമയുടെ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ 1980-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. പാലിന്റെ സംഭരണ-സംസ്ക്കരണ-വിപണന പ്രവർത്തനങ്ങൾ നടത്തുവാനും ഡയറി പ്രവർത്തനങ്ങൾ പ്രൊമോട്ട് ചെയ്യുവാനും അതുവഴി ക്ഷീരകർഷകരുടെ ഉന്നമനവുമാണ് പ്രധാന ലക്ഷ്യം. ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിച്ച് വിപണിയിൽ വിറ്റഴിക്കുന്നതുമൂലം സ്ഥിരമായ വിലയും വിപണിയും ഉറപ്പാക്കുക, ഇതിലേയ്ക്കായി ആധുനിക ഡയറി പ്ലാന്റുകൾ, ചില്ലിംഗ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനോടൊപ്പം തന്നെ ക്ഷീരകർഷകർക്ക് ആവശ്യമായ ഉല്പാദനോപാധികളും എത്തിക്കുക എന്നിവയും മറ്റ് പ്രധാന ഉദ്ദേശങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാഥമിക ക്ഷീര സഹകരണസംഘം രൂപീകരണം മുതൽ വിവിധ ഘട്ടങ്ങളിൽ സർക്കാർ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കി വരുന്നു. വിവിധ വികസന പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽനിന്നും സാമ്പത്തിക സഹായം നൽകിവരുന്നു.

(സി) കേരളത്തിൽ മൊത്തം 14 ലക്ഷം ക്ഷീരകർഷകരുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ഡി) 2009-10-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ക്ഷീരകർഷകർ ശരാശരി 71 ലക്ഷം ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഇ) ഇപ്പോൾ പ്രതിദിനം ശരാശരി 7.50 ലക്ഷം ലിറ്റർ.

(എഫ്) മിൽമ വില്ക്കുന്ന പാലിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1. ഡബിൾ ടോൺഡ് പാൽ	22 രൂപ ലിറ്ററിന് (ഫാറ്റ് 1.5%, എസ്.എൻ.എഫ്. 9.0%)
2. ടോൺഡ് പാൽ	23 രൂപ ലിറ്ററിന് (ഫാറ്റ് 3.0%, എസ്.എൻ.എഫ്. 8.5%)
3. ഹോമോജെനൈസ്ഡ് ടോൺഡ് പാൽ	25 രൂപ ലിറ്ററിന് (ഫാറ്റ് 3.0%, എസ്.എൻ.എഫ്. 8.5%)
4. ഹോമോജെനൈസ്ഡ് ജെഴ്സി പാൽ	25 രൂപ ലിറ്ററിന് (ഫാറ്റ് 3.2%, എസ്.എൻ.എഫ്. 8.5%)
5. നോൺ ഹോമോജെനൈസ്ഡ് ജെഴ്സി പാൽ	25 രൂപ ലിറ്ററിന് (ഫാറ്റ് 3.5%, എസ്.എൻ.എഫ്. 8.5%)
6. റിച്ച് പ്ലസ് മിൽക്ക്	26 രൂപ ലിറ്ററിന് (ഫാറ്റ് 3.8%, എസ്.എൻ.എഫ്. 9.0%)
7. സ്റ്റാൻഡേർഡൈസ്ഡ് മിൽക്ക്	26 രൂപ ലിറ്ററിന് (ഫാറ്റ് 4.5%, എസ്.എൻ.എഫ്. 8.5%)

(ജി) 4.1 ശതമാനം കൊഴുപ്പും 8.5 ശതമാനം എസ്.എൻ.എഫ്. (മറ്റ് കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ) ഉള്ള പാൽ ലിറ്ററിന് 18 രൂപ 48 പൈസ.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച് & ഐ) മിൽമയും മേഖലാ യൂണിയനുകളും ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

മൃഗസംരക്ഷണത്തിനുള്ള പദ്ധതികൾ

100 (4451) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണമേഖലയിൽ 2009 മേയ് മുതൽ നാളിതുവരെ മൃഗസംരക്ഷണത്തിനായി ഏതെല്ലാം പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് നാളിതുവരെ കേന്ദ്ര സർക്കാർ അംഗീകാരം നൽകി ;

(സി) ഓരോ പദ്ധതിയിലും സംസ്ഥാനത്തിന് ലഭ്യമായ കേന്ദ്രസഹായം എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനം നൽകിയ ഏതെങ്കിലും മൃഗസംരക്ഷണ പദ്ധതിക്ക് കേന്ദ്രം അനുമതി നിഷേധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(എഫ്) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രം നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണമേഖലയിൽ കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്ന പദ്ധതികളിൽ ഭൂരിപക്ഷവും കേന്ദ്ര മാർഗ്ഗ നിർദ്ദേശത്തോടുകൂടിയുള്ള തുടർപദ്ധതികളാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 8 തുടർ പദ്ധതികൾക്കും 2 പുതിയ പദ്ധതികൾക്കും ധനസഹായം ലഭിക്കുന്നതിന് കേന്ദ്രത്തിന് സമർപ്പിക്കുകയും അവയ്ക്ക് അനുമതി ലഭിക്കുകയും ചെയ്തു. ഈ സാമ്പത്തിക വർഷം 8 പദ്ധതികൾക്ക് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ആത്മഹത്യാപ്രേരിത ജില്ലകളായ പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾക്ക് വിദർഭാ പാക്കേജിലൂടെയും ആർ.കെ.വി.വൈ. പദ്ധതിയിലൂടെയും കുട്ടനാട്. ഇടുക്കി പാക്കേജ് പദ്ധതിയിലൂടെയും സംസ്ഥാനത്ത് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം സമർപ്പിച്ച 10 പദ്ധതികൾക്കും ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം സമർപ്പിച്ച 8 പദ്ധതികളിൽ 3 പദ്ധതികൾക്ക് ധനസഹായം ലഭിക്കുകയും കൂടാതെ കഴിഞ്ഞ വർഷം ലഭിച്ച തുകയുടെ ബാക്കി തുക ഈ സാമ്പത്തികവർഷം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly